**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1521** **11-09-2023 - ൽ മറുപടിയ്ക്ക്**

**സ്കോൾ കേരള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കോൾ കേരളയിൽ കഴിഞ്ഞ രണ്ട് വർഷമായി രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം എത്രയാണ്; | (എ) | **സ്കോൾ-കേരളയിൽ 2021 അധ്യയന വർഷം ഹയർ സെക്കന്ററി കോഴ്സിന് 38,687 വിദ്യാർത്ഥികളും 2022 അധ്യയന വർഷം 39988 വിദ്യാർത്ഥികളും ഉൾപ്പെടെ കഴിഞ്ഞ രണ്ട് വർഷമായി ആകെ 78,675 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.** |
| (ബി) | പൊതു വിദ്യാഭ്യാസ മേഖലയിൽ എത്ര കുട്ടികളാണ് ഈ വർഷം പുതുതായി ചേർന്നിട്ടുള്ളതെന്നും അതിൽ ഒന്നാം ക്ലാസ്സിലേക്ക് അഡ്മിഷൻ എടുത്തിട്ടുള്ള കുട്ടികളുടെ എണ്ണം എത്രയാണെന്നും വിശദമാക്കാമോ; കഴിഞ്ഞ വർഷം ഇത് എത്രയായിരുന്നു എന്നുകൂടി വ്യക്തമാക്കാമോ; | (ബി) | **പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 2023-24 അധ്യയന വർഷം സർക്കാർ എയ്ഡഡ് മേഖലയിൽ രണ്ടു മുതൽ പത്ത് വരെ ക്ലാസ്സുകളിലായി 42,881 കുട്ടികൾ പുതുതായി വന്നു ചേർന്നിട്ടുണ്ട്. 2,58,149 കുട്ടികളാണ് 2023-24 അധ്യയന വർഷം ഒന്നാം ക്ലാസ്സിലേക്ക് സർക്കാർ, എയ്ഡഡ് മേഖലയിൽ അഡ്മിഷൻ എടുത്തിട്ടുള്ളത്.**<br><br>**2022-23 അധ്യയന വർഷം രണ്ടു മുതൽ പത്ത് വരെ ക്ലാസ്സുകളിലായി സർക്കാർ, എയ്ഡഡ് മേഖലയിൽ 1,19,970 കുട്ടികളാണ് പുതുതായി വന്നു ചേർന്നത്. 2,68,302 കുട്ടികളാണ് 2022-23 അധ്യയന വർഷം ഒന്നാം ക്ലാസ്സിലേക്ക് സർക്കാർ, എയ്ഡഡ് മേഖലയിൽ അഡ്മിഷൻ എടുത്തിരുന്നത്.** |
| (സി) | കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ച അധ്യാപക-അനധ്യാപക തസ്തികകൾ എത്രയെന്ന് വ്യക്തമാക്കാമോ? | (സി) | 2019-20 അധ്യയന വർഷത്തിനു ശേഷം 2022-23 അധ്യയന വർഷം മാത്രമാണ് തസ്തിക നിർണയം നടന്നിട്ടുള്ളത്. 2022-23-ൽ അധ്യാപക-അനധ്യാപക തസ്തികകളിലായി 6043 അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ